ശ്രീ. ജോസഫ് ചാഴിക്കാടൻ: മാപ്പിളതൊപ്പി വയ്ക്കേണ്ടതായ അനേകം ആളുകൾ ഇപ്പോൾ അതു് ഉപയോഗിക്കാത്തതുകൊണ്ടാണു് ഈ വ്യവസായം നശിച്ചുപോയതെന്നു് ബഹുമാനപ്പെട്ട ഗവണ്മെൻറിനറിയാമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: വിദേശങ്ങളിലേക്കു് ഈ തൊപ്പി കയറ്റുമതി ചെയ്യുന്നതിനുപുറമെ, ഇവിടെതന്നെയും ഈ തൊപ്പി ചെലവാക്കാനുള്ള ഏർപ്പാടുകൾ ചെയ്താൽ നന്നായിരിക്കുമെന്നു് ഗവണ്മെൻറിനു് അഭിപ്രായമുണ്ടു്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: കാസർകോട് താലൂക്കിൽ മാത്രമല്ല കണ്ണൂരിൽ മറ്റുചില സ്ഥലങ്ങളിലും സ്ത്രീകൾ വീട്ടിലിരുന്നു് നടത്തുന്ന ഒരു കുടിൽവ്യവസായമാണു് ഇതെന്നുള്ളതു കണക്കിലെടുത്തുകൊണ്ടും, ഇതിൻെറ കയറ്റുമതിക്കു് വളരെയധികം അഭിവൃദ്ധി ഉണ്ടെന്നുള്ളതു് കണക്കിലെടുത്തുകൊണ്ടും ഈ പ്രദേശങ്ങളിൽ പരസ്പരസഹായാടിസ്ഥാനത്തിൽകൂടി ഈ വ്യവസായം മുന്നോട്ടുകൊണ്ടുപോകാൻ അടിയന്തിര നടപടി എടുക്കുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: മറെറന്തെങ്കിലും സഹായം ഈ വ്യവസായത്തിനു് ചെയ്യാൻ കഴിയുമോ എന്നു പരിശോധിക്കാം.

സിറ്റി ഇമ്പ്രൂവ്മെൻറു് ട്രസ്റ്റു്

* 876 [17] ശ്രീ. എസ്സു്. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി ഇംപ്രൂവ്മെൻറു് ട്രസ്റ്റു് പ്രവർത്തനം തുടങ്ങിയതു് എന്നുമുതൽക്കാണു്;

(ബി) ഇതിനകം എന്തെല്ലാം ഇംപ്രൂവുമെൻറു് പ്രവൃത്തികൾ സിറ്റിയിൽ നടത്തി;

(സി) കരമന-ആറന്മൂർ റോഡിൻെറ പണി എന്നാണു് ആരംഭിച്ചതു്;

(ഡി) ഇതിൻെറ പണി എത്രത്തോളം നടത്തി;

(ഇ) ഇപ്പോൾ പ്രസ്തുത റോഡിൻെറ പണി നിർത്തിവച്ചിരിക്കുകയാണോ;

(എഫു്) ആണെങ്കിൽ കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ): (എ) 1961 ഏപ്രിൽ 7-ാംതീയതി മുതൽ.

(ബി) ട്രസ്റ്റു് നടത്തിവരുന്ന പദ്ധതികളുടെ പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്.*

(സി) 3-4-63-ൽ.

(ഡി) റോഡിൻെറ പ്രഥമഘട്ടം പൂർത്തിയായിട്ടുണ്ടു്.

(ഇ) അല്ല.

(എഫു്) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. അനിരുദ്ധൻ: ഇതിൻെറ ചെയർമാനായിരുന്ന ശ്രീ. കുഞ്ഞുകൃഷ്ണപിള്ള പത്തുപതിനഞ്ചു സ്ത്രീമുകൾ ഗവണ്മെൻറിൻെറ മുമ്പിൽ വച്ചിട്ടുണ്ടെന്നും, അതിൽ ഗവണ്മെൻറു് ആവശ്യമായ പരിഗണന കൊടുത്തിട്ടില്ലെന്നും, അതിനുശേഷം നിയമിച്ച ചെയർമാൻ ശ്രീ. അലക്സാണ്ടർ പുതിയ സ്ത്രീം ഒന്നും ഗവണ്മെൻറിൻെറ മുമ്പിൽ വച്ചിട്ടില്ലെന്നും പത്രവാർത്ത കാണുകയുണ്ടായി. ഇതു സംബന്ധിച്ചുള്ള ഗവണ്മെൻറിൻെറ നില വ്യക്തമാക്കിയാൽ കൊള്ളാം.

*Appendix II

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ; പ്രത്യേകിച്ച് വ്യക്തമാക്കേണ്ടതെന്താണെന്നു് എനിക്കു് മനസ്സിലായില്ല. ട്രസ്റ്റിൽനിന്നും 15 സ്റ്റീംസ് ഗവണ്മെൻറിന്റെ പരിശോധനയ്ക്കു് അയച്ചിട്ടുണ്ടു്. അതിൽ അംഗീകരിച്ചു് നടപ്പിൽവരുത്തിക്കൊണ്ടിരിക്കുന്ന (6) എണ്ണത്തിന്റെ പേരാണു് മേശപ്പുറത്തു വച്ച പട്ടികയിൽ കാണുന്നതു്. 3 സ്റ്റീമുകളും നടപ്പിൽ വരുത്തുന്നതു് സൗകര്യപ്രദമായിരിക്കുകയില്ലെന്നുകണ്ടു് ഗവണ്മെൻറു് ഉപേക്ഷിച്ചിട്ടുണ്ടു്. വേറെ 3 സ്റ്റീമുകളും ഒന്നുകൂടി പരിശോധിച്ചശേഷം ഗവണ്മെൻറിലേക്കു് അയയ്ക്കേണ്ടതാണെന്നു പറഞ്ഞു മടക്കിക്കൊടുത്തിട്ടുണ്ടു്. ഇനി 3 സ്റ്റീമുകളും മാത്രമാണു് ഗവണ്മെൻറിന്റെ മുമ്പിൽ ആലോചനക്കിരിക്കുന്നതു്. അങ്ങനെയല്ലാതെ ആക്കേണ്ടകിലും പരാതിക്കു് അവകാശമുള്ള രീതിയിൽ ഗവണ്മെൻറു് യാതൊന്നും ചെയ്യുന്നില്ല.

ശ്രീ. കെ. ഹസ്സൻഗനി: ഹൗസിംഗ് സ്കീമിനു വേണ്ടിക്കുറെ സ്ഥലം എടുത്തിട്ടുണ്ടു്. അതു് നല്ല കെട്ടിടം വയ്ക്കാൻ സാധിക്കുന്നവർക്കു് കിട്ടുകയുള്ളു എന്നു പരാതിയുണ്ടു്. അതു് എല്ലാവർക്കും കിട്ടത്തക്ക നിർദ്ദേശം കൊടുക്കുമോ?

ശ്രീ. ആർ. ശങ്കർ: സിറ്റി ഇംപ്രൂവ്മെൻറു് സ്കീമിൽ ഇങ്ങനെ വീടിനു സ്ഥലം എടുക്കുന്നതു് വളരെ പരിമിതമാണെന്നുള്ള ബുദ്ധിമുട്ടുണ്ടു്. ആവശ്യക്കാർ നൂറിരട്ടി ഉണ്ടു്. പക്ഷെ, കൊടുക്കുന്നതു് ന്യായമായ രീതിയിൽ വേണമെന്നുള്ളതിനു് ആവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു്: ഇതുവരെ അനുവദിക്കപ്പെട്ടിട്ടുള്ള പദ്ധതികൾക്കു് സുമാർ എത്ര മതിപ്പു തുക വരുമെന്നു പറയാമോ?

ശ്രീ. ആർ. ശങ്കർ: ഇപ്പോൾ ആ വിവരം കൈവശമില്ല.

പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു് ലംപ്സംഗ്രാൻറും സ്റ്റൈപ്പൻറും

* 877. [18] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു് കൊടുക്കുന്ന ലംപ് സംഗ്രാൻറിന്റെയും പ്രതിമാസ സ്റ്റൈപ്പൻറിന്റെയും റേറു് എത്ര വർഷത്തിൽ നിശ്ചയിക്കപ്പെട്ടതാണെന്നു വ്യക്തമാക്കുമോ;

(ബി) നിത്യോപയോഗസാധനങ്ങളുടെ എല്ലാറ്റിന്റെയും വില വളരെ ഏറെ കൂടിയിരിക്കുന്ന ഇക്കാലത്തു് വളരെ മുൻപു നിശ്ചയിക്കപ്പെട്ട പ്രതിമാസ സ്റ്റൈപ്പൻറു് കൊണ്ടു് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു് ജീവിക്കാൻ പറ്റുകയില്ലെന്നും ലംപ്സം ഗ്രാൻറുകൊണ്ടു് ആവശ്യമായ പുസ്തകവും മറ്റും വാങ്ങാൻ സാധിക്കാതെയാണിരിക്കുന്നതെന്നും ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രതിമാസ സ്റ്റൈപ്പൻറും ലംപ്സം ഗ്രാൻറും പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു് വർദ്ധിപ്പിച്ചു കൊടുക്കുന്ന കാര്യം ഗവണ്മെൻറു് ദയവായി പരിഗണിക്കുമോ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) 1953-54-ൽ നിശ്ചയിക്കപ്പെട്ടതാണു്.

(ബി) ഉണ്ടു്.

(സി) നിലവിലുള്ള നിരക്കു് വർദ്ധിപ്പിക്കാൻ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി അനുവദിക്കുന്നില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: വിദ്യാർത്ഥികളിൽനിന്നും ഇതു സംബന്ധിച്ചു് മെമ്മോറാണ്ടം കിട്ടിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II

[*Please see answer to Starred Question No.* 876 (17)]

Statement showing the schemes under implementation by the Trivandrum City Improvement Trust

1. Tapioca Farm (Adjacent to Raj Bhavan) Housing Accommodation Scheme.
2. Nandavanam Housing Accommodation Scheme.
3. Ulsavamatom Housing Accommodation Scheme.
4. Aranoor Street Scheme.
5. Nandavanam (Extension) Housing Scheme.
6. Ulsavamatom (Extension) Scheme.

LIBRARY ARCHIVES Kerala Legislative Assembly